# പതിമൂന്നാം കേരള നിയമസഭ
## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2019    07/12/2015-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി**

| ചോദ്യം<br>ശ്രീ. തോമസ് ചാണ്ടി: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉൾനാടൻ മത്സ്യതൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം കുട്ടനാട്ടിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് വീട് അനുവദിച്ചു എന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുമോ? | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതികൾ വഴി ആലപ്പുഴ ജില്ലയിലെ കുട്ടനാടൻ പ്രദേശത്തെ ആകെ 57 ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇതിനായി 1,14,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പ് മുഖേന ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേകം ഭവന നിർമ്മാണ പദ്ധതികൾ നിലവിൽ നടപ്പിലാക്കുന്നില്ല |

**സെക്ഷൻ ആഫീസർ**